# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2081 15.07.2011 ൽ മറുപടിക്ക്

### നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് നൽകുന്ന നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് കേരളത്തിൽ എത്ര കുട്ടികൾക്ക് ലഭിക്കുന്നുണ്ട്; | എ) | 3473 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; | ബി) | മാതാപിതാക്കളുടെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവുള്ള എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പ് പരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളൂ. കൂടാതെ പ്രസ്തുത കുട്ടിക്ക് ഏഴാം ക്ലാസിലെ വാർഷിക പരീക്ഷയിൽ 50 ശതമാനത്തിൽ കുടുതൽ മാർക്ക് ലഭിക്കുകയും വേണം. |
| സി) | മൂന്ന് വർഷമായി നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് തുക ലഭിച്ചിട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? | സി) | ഉണ്ട്. 2008-09 വർഷത്തെ സ്കോളർഷിപ്പ് ലഭിച്ച കുട്ടികളിൽ 2 പേർ ഒഴികെ 3471 പേർക്ക് അർഹമായ തുക നൽകിയിട്ടുണ്ട്. 2 കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലെ നമ്പരിൽ വന്ന പിശക് മൂലമാണ് തുക നൽകാൻ കഴിയാത്തത്. പിശക് പരിഹരിച്ച് തുക നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ